12.10.2017 വ്യാഴാഴ്ച്ച രാവിലെ 10.30 ന് ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. അനീൽ ബാബുവിന്റെ അദ്ധ്യക്ഷതയിൽ എം.കെ.എസ്.പി. പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ചേർന്ന കാർഷിക യന്ത്രം/ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനി പ്രതിനിധികളുടെയും **Pre-season Maintenance** ആവശ്യമായ ഉപകരണങ്ങളുടെ സർവ്വീസ് സംബന്ധമായും നൽകുന്നതുമായും ബന്ധപ്പെട്ട കൂടി ആലോചന യോഗത്തിന്റെ മിനിറ്റ്സ്

ഹാജർ:-

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1. | ശ്രീ. കെ. അനീൽ ബാബു | ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം.കെ.എസ്.പി, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് |
| 2 | ശ്രീ. സജി സി.ടി | മാർക്കറ്റിങ്ങ് ഓഫീസർ വി.എസ്.റ്റി |
| 3 | ശ്രീ. ജെയിംസ് കെ.സി. | ടെക്നിക്കൽ അഡ്വയ്സർ, റെയ്ഡ്കോ |
| 4 | ശ്രീ. മിന്നുഷ് ആർ രമേഷ് | മാർക്കറ്റിങ്ങ് മാനേജർ, റെയ്ഡ്കോ |
| 5 | ശ്രീ. പ്രസാദ് പി.സി | ഡി.ജി.എം., വി.എസ്.റ്റി |
| 6 | ശ്രീ. നിഖിൽ എം.എസ്. | ഫീൽഡ് കോർഡിനേറ്റർ, എം.കെ.എസ്.പി |
| 7 | ശ്രീമതി. അനിതമ്മ ചാക്കോ | ഫീൽഡ് കോർഡിനേറ്റർ, എം.കെ.എസ്.പി |

10.30 ന് യോഗം ആരംഭിച്ചു. റെയ്ഡ്കോ, വി.എസ്.ടി. പ്രതിനിധികളെ സി.ഇ.ഒ. യോഗത്തിലേക്ക് സ്വാഗതം ചെയ്ത് വിഷയങ്ങൾ അവതരിപ്പിച്ചു.

1. ബ്ലോക്ക് തലങ്ങളിൽ നൽകിയ നടീൽ യന്ത്രങ്ങൾ, ട്രാക്ടർ എന്നീ യന്ത്രങ്ങളുടെ പരിചരണ പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തി.
2. ലേബർ ബാങ്കുകളുടെ എല്ലാ യന്ത്രങ്ങളും, വിശേഷിച്ച് നടീൽ യന്ത്രങ്ങൾ സീസണിലും, തുടർന്നും പരിചരണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണെന്ന് സാങ്കേതിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.
3. സീസൺ തുടർന്ന് കൊണ്ടിരിക്കുന്നതിനും, പുതിയ കാർഷിക സീസൺ സമാഗതമായതിനാലും വിശേഷിച്ച് നടീൽ യന്ത്രങ്ങളുടെ പ്രവർത്തന ക്ഷമത പരിശോധിക്കണമെന്ന് എം.കെ.എസ്.പി. സി.ഇ.ഒ. നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2017 ഒക്ടോബർ മാസം 23-ാം തിയ്യതി മുതൽ 28-ാം തിയ്യതി വരെയുള്ള ദിവസങ്ങളിൽ തൃശൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ റെയ്ഡ്കോ/വി.എസ്.റ്റി. സാങ്കേതിക വിദഗ്ദ്ധർ യന്ത്രങ്ങളുടെ കാര്യക്ഷമതയുടെ പരിശോധനയ്ക്കും, സർവ്വീസ് ചെയ്യുന്നതിനും എത്താമെന്ന് അറിയിച്ചു.

യോഗം 12.30ന് അവസാനിച്ചു.

CoMPT MKSP Ollukkara Thrissur 680 655 Project Management Unit

12/10/17

ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ &
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ